No.CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2018 ലെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

### Persons with Disabilities (PD) വിഭാഗം വിദ്യാർത്ഥികളുടെ പരിശോധന സംബന്ധിച്ച്

2018-19 അദ്ധ്യയന വർഷം കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ ഫാർമസി (ബി.ഫാം) /മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചിരുന്ന Persons with Disabilities (PD) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ **2018 ജൂൺ 18, 19** തീയതികളിൽ സംസ്ഥാനതല മെഡിക്കൽ ബോർഡിന്റെയും, മറ്റു വകുപ്പദ്ധ്യക്ഷന്മാരുടെയും പരിശോധനയ്ക്ക് വിധേയരാക്കുന്നതും, വിദ്യാർത്ഥികളുടെ ശാരീരികക്ഷമത സംബന്ധിച്ചും, പഠിക്കാൻ യോഗ്യമായ കോഴ്സിനെ സംബന്ധിച്ചും വിദഗ്ദ്ധ സമിതി നൽകുന്ന റിപ്പോർട്ട് അനുസരിച്ച് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രവേശന നടപടികൾ ആരംഭിക്കുന്നതുമാണ്.

ശാരീരിക അവശതയുള്ള വിഭാഗം വിദ്യാർത്ഥികളുടെ പരിശോധന **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലെ ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ചായിരിക്കും നടത്തുന്നത്. ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് പ്രത്യേകമായി അറിയിപ്പ് കത്ത് തപാലിൽ അയച്ചിട്ടുണ്ട്. അറിയിപ്പ് കത്ത് തപാലിൽ ലഭിക്കാത്തതും ശാരീരിക ക്ഷമത കുറഞ്ഞവരുമായ വിദ്യാർത്ഥികൾ ഇതൊരറിയിപ്പായി കണക്കാക്കി മേല്പറഞ്ഞ ദിവസങ്ങളിലൊന്നിൽ സംസ്ഥാനതല മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ശാരീരിക അവശത സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ, ചികിത്സാ രേഖകൾ, തപാലിൽ ലഭിച്ച അറിയിപ്പ് കത്ത് എന്നിയുമായി നിശ്ചിത സമയത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ പരിശോധനാ ദിവസങ്ങളിൽ നേരിട്ട് ഹാജരാകാത്ത വിദ്യാർത്ഥികളെ Persons with Disabilities (PD) വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
13.06.2018